# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 589 — 26.04.2017-ൽ മറുപടിയ്ക്ക്

### ഓർഡിനൻസ് വഴി സഹകരണ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.ടി. തോമസ്<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. കെ.എസ്.ശബരീനാഥൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഓർഡിനൻസിലൂടെ സഹകരണ നിയമത്തിൽ അടിസ്ഥാനപരമായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം മാറ്റങ്ങളാണ് നിയമത്തിൽ വരുത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) | 1. വകുപ്പ് 16 A സജീവ അംഗത്വം നിലനിർത്തുന്നതിനുള്ള വ്യവസ്ഥകൾ ഒഴിവാക്കി.<br>2. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെ മറ്റ് വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങളെ നാമമാത്ര അംഗങ്ങളാക്കി മാറ്റിക്കൊണ്ട് വകുപ്പ് 18 ഭേദഗതി വരുത്തി. വകുപ്പ് 2 (ia) യിലെ നിർവചന പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ വോട്ടവകാശമുള്ള അംഗത്വം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്തി.<br>3. വകുപ്പ് 19 A പ്രകാരം ഒരു സഹകരണ സംഘത്തിന്റെ പൊതുയോഗത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന വ്യവസ്ഥയും |

| | | | |
|---|---|---|---|
| | | | സംഘം നൽകുന്ന ഏതെങ്കിലും സേവനങ്ങളെങ്കിലും വിനിയോഗിക്കണമെന്ന വ്യവസ്ഥയും റദ്ദാക്കി.<br>4. വകുപ്പ് 28 Subsection (I) വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ വാർഡ് അടിസ്ഥാനത്തിൽ തെരെഞ്ഞെടുപ്പ് നടത്തണമെന്ന വ്യവസ്ഥ റദ്ദാക്കി.<br>5. ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതികളിൽ പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെ പ്രതിനിധികൾക്ക് സംവരണം ചെയ്തിരിക്കുന്ന സീറ്റുകളുടെ എണ്ണം ഒന്നിൽ നിന്നും രണ്ടാക്കി വകുപ്പ് 28 Subsection (1 H) ഭേദഗതി വരുത്തി.<br>6. വകുപ്പ് 28 Subsection (II) പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതികളിൽ പലവക സംഘങ്ങൾക്കായി ഏറ്റവും കുറഞ്ഞത് 4 സീറ്റുകൾ സംവരണം ചെയ്തിരിക്കുന്ന വ്യവസ്ഥ റദ്ദാക്കി.<br>7. വകുപ്പ് 28 AB യിൽ സഹകരണ സംഘത്തിലെ ഒരംഗത്തിനും തുടർച്ചയായി 2 തവണയിൽ കൂടുതൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ പദവികൾ വഹിക്കാൻ പാടില്ല എന്ന subclause ഉൾപ്പെടുത്തി.<br>8. സർക്കാർ ധനസഹായം ലഭ്യമാക്കുന്ന സംഘങ്ങളെ മാത്രമേ സഹകരണ സംഘം രജിസ്ട്രാർക്ക് പിരിച്ചുവിടാൻ കഴിയൂ എന്ന പ്രൊവിസോയുടെ വിശദീകരണമായി ഏതൊക്കെ ധനസഹായമാണ് ഉൾപ്പെടുന്നത് എന്ന് വിശദമാക്കിക്കൊണ്ട് വകുപ്പ് 32-ൽ ഭേദഗതി വരുത്തി. |
| (സി) | നിയമങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തിയതിന്റെ അടിയന്തര സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന വിശദീകരിക്കുമോ? | (സി) | 14.02.2013-ൽ നടത്തിയ ഭേദഗതി വ്യവസ്ഥകൾ കാരണം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിട്ട സാഹചര്യത്തിലും സംസ്ഥാനത്തെ ജില്ലാ |

| | | | |
|---|---|---|---|
| | | | സഹകരണ ബാങ്കുകളുടെ ഘടന, പ്രവർത്തനം എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് സഹകരണ നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തിയത്. |

സെക്ഷൻ ഓഫീസർ